# കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.612 06.02.2013-ൽ മറുപടിയ്ക്ക്**

**നികുതി വരുമാനം സംസ്ഥാനങ്ങൾക്ക് വിഭജിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ.ജയരാജ് | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ)രാജ്യത്തിന്റെ ആകെയുള്ള നികുതി വരുമാനം സംസ്ഥാനങ്ങൾക്ക് വിഭജിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം കേന്ദ്ര നികുതി ഇനങ്ങളിലെ തനി വരുമാനത്തിന്റെ 32% ആണ് സംസ്ഥാനങ്ങൾക്ക് വിഭജിച്ചു നൽകുന്നത്. ഈ വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിക്കുന്നതിന് പതിമൂന്നാം ധനകാര്യ കമ്മീഷൻ താഴെ പറയുന്ന മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്.<br>(1) ജനസംഖ്യ - 25 ശതമാനം<br>(2) ഭൂവിസ്തീർണ്ണം - 10 ശതമാനം<br>(3) ഫിസ്ക്കൽ കപ്പാസിറ്റി ഡിസ്റ്റൻസ് (Fiscal Capacity Distance) - 47.5 ശതമാനം<br>(4) സാമ്പത്തിക അച്ചടക്കം (Fiscal Discipline) - - 17.5 ശതമാനം |
| (ബി) കഴിഞ്ഞ മൂന്നു ധനകാര്യ കമ്മീഷന്റെ കാലയളവിൽ സംസ്ഥാനത്തിന് ലഭ്യമായ നികുതി വിഹിതം എത്ര ശതമാനം വീതം ആയിരുന്നുവെന്ന് അറിയിക്കുമോ; | കഴിഞ്ഞ മൂന്ന് ധനകാര്യ കമ്മീഷനുകളുടെ കാലയളവിൽ സംസ്ഥാനത്തിന് ലഭ്യമായ നികുതി വിഹിതം താഴെ പറയുന്ന പ്രകാരമാണ്.<br>(1) 11-ാം ധനകാര്യ കമ്മീഷൻ - 3.057 ശതമാനം (2000-2005)<br>(2) 12-ാം ധനകാര്യ കമ്മീഷൻ - 2.665 ശതമാനം (2005-2010)<br>(3) 13-ാം ധനകാര്യ കമ്മീഷൻ - 2.341 ശതമാനം (2010-2015) |

| | |
|---|---|
| (സി) സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം ഉറപ്പുവരുത്തുന്നതിന് പതിനാലാം ധനകാര്യ കമ്മീഷൻ മുമ്പാകെ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | പതിനാലാം ധനകാര്യ കമ്മീഷൻ മുൻപാകെ സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വേണ്ടി ബഹു: ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം ഉറപ്പുവരുത്തുന്നതിന് പതിനാലാം ധനകാര്യ കമ്മീഷൻ മുൻപാകെ ഉന്നയിക്കേണ്ട ആവശ്യങ്ങൾ പ്രസ്തുത കമ്മിറ്റി പരിശോധിച്ചു വരികയാണ്. |

അക്കൗണ്ട്സ് ഓഫീസർ